MALAYALAM

FECCA
Federation of Ethnic Communities' Councils of Australia

# കുടിയേറ്റ-അഭയാർത്ഥി സമൂഹങ്ങളിലുള്ളവർക്ക് ലഭിക്കുന്ന ഏജ്ഡ് കെയർ സേവനങ്ങൾ [Aged Care Services] എങ്ങനെ കൂടുതൽ മെച്ചപ്പെടുത്താം എന്നതിൽ നിങ്ങൾക്ക് ആശയങ്ങളുണ്ടോ?

ഏജ്ഡ് കെയറിന്റെ ഗുണനിലവാരവും സുരക്ഷയു ം പരിശോധിക്കുന്നതിനുള്ള റോയൽ കമ്മീഷൻ (Royal commission into Aged Care Quality and Safety) നിങ്ങളുടെ അഭിപ്രായങ്ങൾ  അറിയുവാൻ ആഗ്രഹിക്കുന്നു!

ഒരു ഓസ്ട്രേലിയൻ ആരോഗ്യവകുപ്പ് ഫണ്ടിംഗ് പദ്ധതി



## 1. എന്താണ് ഏജ്ഡ് കെയറിന്റെ ഗുണനിലവാരവും സുരക്ഷയും പരിശോധിക്കുന്നതിനുള്ള റോയൽ കമ്മീഷൻ?

- സ്ഥാപനങ്ങളും സേവനകേന്ദ്രങ്ങളും വയോജനങ്ങളെ എങ്ങനെയാണ് പരിപാലിക്കുന്നത് (ഇതാണ് ഏജ്ഡ് കെയർ എന്നറിയപ്പെടുന്നത്) എന്ന് പരിശോധിക്കുന്നതിനായി 2018 **ഒക്ടോബറിലാണ് ഓസ്‌ട്രേലിയൻ സർക്കാർ റോയൽ കമ്മീഷൻ** (Royal Commission) **രൂപീകരിച്ചത്.** സർക്കാരിൽ നിന്ന് സ്വതന്ത്രമായാണ് റോയൽ കമ്മീഷൻ പ്രവർത്തിക്കുന്നത്.
- ഈ മേഖലയിലെ പ്രശ്നങ്ങൾ എന്തൊക്കെയാണ്, ഏതൊക്കെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടക്കുന്നുണ്ട്, ഭാവിയിൽ എന്തു മാറ്റങ്ങൾ ആവശ്യമാണ് തുടങ്ങിയ വിഷയങ്ങളിൽ റോയൽ കമ്മീഷന് പരമാവധി വിശദാംശങ്ങൾ ലഭിക്കണം
- 2019 **ഒക്ടോബറിൽ** റോയൽ കമ്മീഷൻ ഒരു ഇടക്കാല റിപ്പോർട്ട് പ്രസിദ്ധീകരിച്ചിരുന്നു. ഏജ്ഡ് കെയറിനെക്കുറിച്ച് ജനങ്ങൾ ചൂണ്ടിക്കാട്ടിയ നിരവധി പ്രശ്നങ്ങൾ ഇതിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.
- ഏജ്ഡ് കെയർ കൂടുതൽ മെച്ചപ്പെടുത്താൻ ആവശ്യമായ ആശയങ്ങളാണ് ഇപ്പോൾ റോയൽ കമ്മീഷൻ തേടുന്നത്. ഇതുമായി ബന്ധപ്പെട്ട് നിങ്ങൾക്ക് എന്തെങ്കിലും നിർദ്ദേശങ്ങളുണ്ടെങ്കിൽ, **2020 ജൂൺ 30ന്** മുമ്പായി അറിയിക്കുക.
- തുടർന്ന്, 2020 നവംബറോടെ റോയൽ കമ്മീഷൻ ഓസ്‌ട്രേലിയൻ സർക്കാരിന് അന്തിമ റിപ്പോർട്ട് സമർപ്പിക്കും. എല്ലാവർക്കും കൂടുതൽ മികച്ച ഏജ്ഡ് കെയർ സേവനം ലഭ്യമാക്കുന്നതിനുള്ള ശുപാർശകൾ ഈ റിപ്പോർട്ടിൽ ഉണ്ടാകും.
- റോയൽ കമ്മീഷനെക്കുറിച്ചുള്ള കൂടുതൽ വിശദാംശങ്ങൾ 30ലേറെ ഭാഷകളിൽ ലഭ്യമാണ്. അത് ഇവിടെ ലഭിക്കും https://agedcare.royalcommission.gov.au/about/Pages/other-languages.aspx

## 2. ഏജ്ഡ് കെയറിനെക്കുറിച്ചുള്ള എന്റെ അഭിപ്രായങ്ങൾ എന്തിന് റോയൽ കമ്മീഷനോട് പറയണം?

- കുടിയേറ്റ സമൂഹത്തിലും അഭയാർത്ഥി സമൂഹത്തിലും ഉള്ള പലർക്കും, അതുപോലെ ഇംഗ്ലീഷ് പ്രാവീണ്യം കുറഞ്ഞവർക്കും, ഏജ്ഡ് കെയർ സേവനങ്ങൾ കണ്ടെത്താനും ഉപയോഗിക്കാനും പ്രയാസമാണെന്ന് ഇതിനകം തന്നെ റോയൽ കമ്മീഷന് പരാതികൾ കിട്ടിയിട്ടുണ്ട്
- തങ്ങളുടെ മതപരവും സാംസ്കാരികപരവുമായ ആവശ്യങ്ങൾ പല സ്ഥാപനങ്ങളും മനസിലാക്കുന്നില്ലെ ന്നും പലരും റോയൽ കമ്മീഷനോട് പറഞ്ഞിട്ടുണ്ട്
- റോയൽ കമ്മീഷൻ ഇപ്പോൾ തേടുന്നത് കുടിയേറ്റ-അഭയാർത്ഥി സമൂഹങ്ങളിലുള്ളവർക്ക് ഭാവിയിൽ കൂടുതൽ മെച്ചപ്പെട്ട ഏജ്ഡ് കെയർ സേവനം എങ്ങനെ ഉറപ്പാക്കാം എന്നതിനെക്കുറിച്ചുള്ള അഭിപ്രായങ്ങളാണ്. ഈ സമൂഹങ്ങളിൽ നിന്നുള്ളവർക്കും, അവരുടെ കുടുംബങ്ങൾക്കും സുഹൃത്തുക്കൾക്കും അഭിപ്രായം അറിയിക്കാം.
- ഇംഗ്ലീഷ് പ്രാവീണ്യം കുറഞ്ഞ പലർക്കും അവരുടെ ആശയങ്ങൾ കൃത്യമായി അറിയിക്കാൻ പ്രയാസമാണ് എന്ന കാര്യം റോയൽ കമ്മീഷൻ മനസിലാക്കുന്നുണ്ട്.
- **അതുകൊണ്ടുതന്നെ, സ്വന്തം ഭാഷയിൽ കാര്യങ്ങൾ പങ്കുവയ്ക്കാനാഗ്രഹിക്കുന്നവർക്ക് റോയൽ കമ്മീഷന്റെ ചെലവിൽ വിവർത്തകരെയോ പരിഭാഷകരെയോ ലഭ്യമാകുംക്കും.**
- **നിങ്ങളുടെ മനസിലുള്ള കാര്യങ്ങൾ തുറന്നുപറയാനുള്ള അവസരമാണ് ഇത്! കൂടുതൽ പേർ ഇതിനായി മുന്നോട്ടുവന്നാൽ, ഏജ്ഡ് കെയർ സംവിധാനം അത്രത്തോളം മെച്ചപ്പെടുത്താൻ കഴിയും**



## 3. ഏജ്ഡ് കെയർ മെച്ചപ്പെടുത്താനുള്ള എന്റെ ആശയങ്ങൾ എങ്ങനെ റോയൽ കമ്മീഷനെ അറിയിക്കാം?

- നിങ്ങളുടെ ആശയങ്ങൾ ഇംഗ്ലീഷിലോ, അല്ലെങ്കിൽ നിങ്ങളുടെ സ്വന്തം ഭാഷയിലോ അറിയിക്കാം. ടെലിഫോണിലൂടെയോ, രേഖാമൂലമോ, ഓഡിയോ അല്ലെങ്കിൽ വീഡിയോ റെക്കോർഡിംഗായോ ഇത് അറിയിക്കാവുന്നതാണ്.
- നിങ്ങളുടെ പേരോ, വിലാസമോ, ഫോൺ നമ്പരോ നൽകണമെന്നില്ല. നിങ്ങളുടെ ഭാഷ ഏതാണ് എന്നറിയിക്കണം. നിങ്ങളുടെ പേരും ബന്ധപ്പെടാനുള്ള വിവരങ്ങളും പരസ്യപ്പെടുത്താൻ ആഗ്രഹമില്ലെങ്കിൽ അതും അറിയിച്ചിരിക്കണം.
- ഒരു കുടുംബാംഗത്തിന്റെയോ സുഹൃത്തിന്റെയോ സഹായം നിങ്ങൾക്ക് തേടാവുന്നതാണ്. നിങ്ങൾക്ക് എന്താണ് പറയാനുള്ളത് എന്ന കാര്യം അവരെ അറിയിക്കാം. അവർക്ക് നിങ്ങളുടെ പ്രതിനിധിയായി റോയൽ കമ്മീഷനെ ബന്ധപ്പെടാൻ കഴിയും.

- നിങ്ങൾക്ക് 1800 960 711 എന്ന നമ്പരിൽ ബന്ധപ്പെടാം
- ആവശ്യമാണെങ്കിൽ റോയൽ കമ്മീഷൻ പരിഭാഷകരെ ഏർപ്പെടുത്തും.
- നിങ്ങൾ പറയുന്ന കാര്യങ്ങൾ പരിഭാഷകർ ഇംഗ്ലീഷിൽ രേഖപ്പെടുത്തും. **ഈ സേവനം സൗജന്യമാണ്.**
- രേഖപ്പെടുത്തിയ കാര്യങ്ങൾ ശരിയാണെന്ന് ഉറപ്പുവരുത്താൻ പരിഭാഷകർ നിങ്ങളെ പിന്നീട് ബന്ധപ്പെടും.

- നിങ്ങൾക്ക് കത്തോ ഇമെയിലോ അയയ്ക്കാം
- ലളിതവും ഹ്രസ്വവുമായി മാത്രം വിവരങ്ങൾ എഴുതിയാൽ മതി
- സ്വന്തം ഭാഷയിൽ തന്നെ അതെഴുതാം
- ഒരു വിവർത്തകൻ അത് ഇംഗ്ലീഷിലേക്ക് മാറ്റും. **ഈ സേവനം സൗജന്യമാണ്.**
- നിങ്ങളുടെ സന്ദേശം അയക്കാൻ-
  - തപാൽ മാർഗ്ഗം:
    Royal Commission, GPO Box 1151, Adelaide, South Australia, 5001
  - ഇമെയിൽ മുഖേന:
    ACRCenquiries@royalcommission.gov.au
- ആശയങ്ങൾ കൈപ്പറ്റിയാൽറോയൽ കമ്മീഷൻ നിങ്ങളെ അക്കാര്യം, നിങ്ങളുടെ ഭാഷയിൽ തന്നെ അറിയിക്കും.

- സ്വന്തം ഭാഷയിൽ വീഡിയോ അല്ലെങ്കിൽ ഓഡിയോ രൂപത്തിൽ ആശയങ്ങൾ റെക്കോർഡ് ചെയ്യാൻ മറ്റാരുടെയെങ്കിലും സഹായം തേടാം
- റെക്കോർഡ് ചെയ്ത ഫയലിന്റെ വലിപ്പം 25MB യിൽ കൂടാൻ പാടില്ല. ദൈർഘ്യമേറിയ റെക്കോർഡിംഗാണെങ്കിൽ പല ഭാഗങ്ങളാക്കി അയക്കാം
- നിങ്ങളുടെ വാചകങ്ങൾ ഒരു പരിഭാഷകൻ ഇംഗ്ലീഷിലേക്ക് മാറ്റും. **ഈ സേവനം സൗജന്യമാണ്**
- ഈ റെക്കോർഡിംഗ് അയക്കാൻ-
  - ഇമെയിൽ മുഖേന:
    ACRCenquiries@royalcommission.gov.au
  - തപാൽമാർഗ്ഗം:
    Royal Commission, GPO Box 1151, Adelaide, South Australia, 5001
- റെക്കോർഡിംഗ് കൈപ്പറ്റിയാൽ റോയൽ കമ്മീഷൻ നിങ്ങളെ അക്കാര്യം, നിങ്ങളുടെ ഭാഷയിൽ തന്നെ അറിയിക്കും.



ചില  അഭിപ്രായങ്ങൾ റോയൽ കമ്മീഷൻ അവരുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചേക്കാം

- ഇതിന് താൽപര്യമില്ലെങ്കിൽ നിങ്ങൾക്ക് അക്കാര്യം അറിയിക്കാവുന്നതാണ്
- നിങ്ങളുടെ **പേരുര് ഉൾപ്പെടുത്താതെ** ആശയങ്ങൾ മാത്രം പ്രസിദ്ധീകരിക്കുന്നതിന് സമ്മതമാണെങ്കിൽ അക്കാര്യവും അറിയിക്കാം.

**ഓർക്കുക!**
നിങ്ങൾക്ക് എന്തെങ്കിലും ആശയങ്ങളുണ്ടെങ്കിൽ അത് **2020 ജൂൺ 30** ന് മുമ്പായി റോയൽ കമ്മീഷനെ അറിയിച്ചിരിക്കണം

എല്ലാ ഓസ്ട്രേലിയക്കാർക്കുമുള്ള ഏജ്ഡ് കെയർ സേവനങ്ങൾ മെച്ചപ്പെടുത്താൻ നിങ്ങൾ നൽകുന്ന സഹായത്തിന് നന്ദി

FECCA

FECCA National Office
Unit 1, 4 Phipps Close
DEAKIN  ACT 2605

PO Box 344
CURTIN  ACT 2605

T  +61 02 6282 5755
E  admin@fecca.org.au

**www.fecca.org.au**